# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1351** **13.07.2016-ൽ മറുപടിയ്ക്ക്**

## ക്രിമിനൽ പ്രവർത്തനങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിന് ശേഷം സംഘപരിവാർ സംഘടനകൾ നടത്തുന്ന ആക്രമണത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ; തെരഞ്ഞെടുപ്പിന് ശേഷം പ്രസ്തുത സംഘടനകൾ നടത്തിയതായി പറയപ്പെടുന്ന കൊലപാതകങ്ങളും ആക്രമണങ്ങളും ഏതൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) ആക്രമണത്തിന്റെ തോത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>തൃശ്ശൂർ റൂറൽ ജില്ലയിൽ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിന് ശേഷം നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് BJP/ സംഘപരിവാർ പ്രവർത്തകർ പ്രതികളായ 22 ആക്രമണ കേസുകളും ഒരു കൊലപാതക കേസും ഉൾപ്പെടെ 23 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ബി.ജെ.പി. ആർ.എസ്.എസ്. പ്രവർത്തകർ പ്രതികളായ 5 ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ സംഘപരിവാർ പ്രവർത്തകർ പ്രതികളായ 34 ആക്രമണ കേസുകളും ഒരു കൊലപാതക കേസും ഉൾപ്പെടെ 35 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രതിപക്ഷ പാർട്ടികളും കേന്ദ്ര മന്ത്രിമാരും മേൽപ്പറഞ്ഞ കക്ഷികളുടെ കേന്ദ്ര നേതാക്കളും സംസ്ഥാനത്തു നടത്തിയ പര്യടനങ്ങളും പ്രസ്താവനകളും, ആക്രമണങ്ങളെയും കൊലപാതകങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നുവെന്ന ആക്ഷേപത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ; | (ബി) ഇപ്രകാരം പ്രസ്താവനകൾ ഉണ്ടായതായി പരാതികൾ ലഭിച്ചിട്ടില്ല. |

(സി) പിണറായി, പാലക്കാട് സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ തടയാൻ നടപടിയുണ്ടാകുമോ; അക്രമം നടത്തിയവർക്ക് പോലീസ് ഒത്താശ ഉണ്ടായിരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കുമോ, വ്യക്തമാക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഒത്താശ ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ